പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2422 01-04-2013-ൽ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ പൊട്ടൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ്. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ എവിടെയെങ്കിലും പൊട്ടിയിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്നും എന്നാണെന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും | പൊട്ടിയിട്ടുണ്ട്; ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയിൽ മറവൻതുരുത്ത് പഞ്ചായത്തിൽ 2012 ജൂലൈയിലും സെപ്റ്റംബറിലും രണ്ടു തവണ റാ വാട്ടർ ട്രാൻസ്മിഷൻ മെയിൻ പൈപ്പ് പൊട്ടിയിട്ടുണ്ട്. അമിതമായി ഉണ്ടായ വായു സമ്മർദ്ദം കാരണമാണ് പൈപ്പ് ലൈനിൽ പൊട്ടലുണ്ടായത്. മറ്റു കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ എന്നതിനെക്കുറിച്ച് വിശദമായി പഠനം നടത്താൻ FEDO എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പി.റ്റി.പി. നഗറിൽ 2012 നവംബർ മാസത്തിലും, കാലടിക്ക് സമീപം 2013 മാർച്ച് 14 നും പൈപ്പ് ലൈനുകളിലെ റബ്ബർ റിങ്ങുകൾ മാറിപ്പോയതുകൊണ്ട് ചോർച്ച ഉണ്ടായിട്ടുണ്ട്. |
| (ബി) അടുത്ത കാലത്ത് സ്ഥാപിതമായ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ പൊട്ടാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ